## ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫിസറുടെ നടപടിക്രമം

(ഹാജർ: കെ.എൻ.സത്യപ്രസാദ്)

വിഷയം; ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം-2011 ലെ പൊതുസ്ഥലംമാറ്റം -ഗ്രാമവികസന വകുപ്പിലെ ഡ്രൈവർമാരെ സ്ഥലംമാറ്റിക്കൊണ്ട് ഉത്തരവാകുന്നു.

പരാമർശം;.-1) സ.ഉ(എം.എസ്) നം.105/07/തസ്വഭവ തീയതി; 4/4/2007

2) സ.ഉ(എം.എസ്) നം.54/08/തസ്വഭവ തീയതി; 30.03.2004

**ഉത്തരവ് നം: 2199/എസ്റ്റാസി1/11/സിആർഡി, തീയതി: 21/07/2011**

ഗ്രാമവികസന വകുപ്പിലെ താഴെവിവരിക്കുന്ന ഡ്രൈവർമാരെ അവരുടെ അപേക്ഷയും അർഹതയും പരിഗണിച്ച് നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ അവരവരുടെ പേരിന് നേരെ കാണുന്ന ജില്ലകളിലേക്ക് സ്ഥലംമാറ്റിക്കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | പേര് | ഇപ്പോൾ ജോലി ചെയ്യുന്ന ആഫീസ് | സ്ഥലംമാറ്റം അനുവദിക്കുന്ന ജില്ല. |
|---|---|---|---|
| 1 | കെ.വിജയൻ | അഞ്ചൽ,കൊല്ലം | കോട്ടയം<br>1.കടുത്തുരുത്തി<br>2.ഏറ്റുമാനൂർ |
| 2 | പി.എച്ച്.രവീന്ദ്രൻ | തൃത്താല,പാലക്കാട് | ആലപ്പുഴ<br>1.തൈക്കാട്ടുശ്ശേരി<br>2.പട്ടണക്കാട്<br>3.കഞ്ഞിക്കുഴി. |
| 3 | രമണൻ.കെ | പുളിക്കീഴ്,<br>പത്തനംതിട്ട | കൊല്ലം<br>1.ശാസ്താംകോട്ട<br>2.ചിറ്റുമല |

ബന്ധപ്പെട്ട അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജ)മാർ അവരുടെ അധികാര പരിധിയിലെ ജില്ലയിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിരിക്കുന്ന വിവിധ സ്റ്റേഷനുകളിലേക്ക് മുൻഗണനാക്രമമനുസരിച്ച് സ്ഥലംമാറ്റം കൊടുക്കേണ്ടതും ഈ ബ്ളോക്കുകളിൽ/സ്റ്റേഷനുകളിൽ ഓപ്പൺ വേക്കൻസി ഇല്ലായെങ്കിൽ സൂചന ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി നിലവിൽ 5 വർഷത്തിൽ കൂടുതൽ സേവനം പൂർത്തിയാക്കിയ ഓരോ സ്റ്റേഷനിലെയും സീനിയർ ആയ ഡ്രൈവർമാർക്ക് സൗകര്യപ്രദവും സമീപസ്ഥവുമായ സ്റ്റേഷനുകളിലേക്ക് സ്ഥലംമാറ്റം നൽകികൊണ്ട് അപേക്ഷകർക്ക് ആവശ്യപ്പെട്ട സ്റ്റേഷനുകളിലേക്ക് നിയമനം നൽകേണ്ടതുമാണ്.

ബന്ധപ്പെട്ട ബ്ളോക്ക് ഡവലപ്പ്മെന്റ് ഓഫിസർമാർ ഈ ഉത്തരവിൽ പരാമർശിക്കുന്ന ഡ്രൈവർമാരെ അവർ ഇപ്പോൾ ജോലിചെയ്യുന്ന ഓഫിസുകളിൽ നിന്നും അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും പുതിയ സ്റ്റേഷനുകളിൽ ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്. ടിയാളുകളെ ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതും അവർ ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ ബന്ധപ്പെട്ട ബ്ളോക്ക് ഡവലപ്പ്മെന്റ് ആഫിസർമാർ യഥാസമയം ഈ ആഫിസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ

1) ബന്ധപ്പെട്ട വ്യക്തികൾക്ക് (ബിഡിഒ മുഖാന്തിരം)
2) ബന്ധപ്പെട്ട എഡിസി(ജ) മാർക്ക്
3) സ്റ്റോക്ക് ഫയൽ, ഓഫിസ് കോപ്പി.

പകർപ്പ്; 1) കമ്മീഷണറുടെ സി.എ യ്ക്ക്
2) സീനിയർ എ.ഒ യുടെ സി.എ യ്ക്ക്
3) എഡിഡിസി I/II സിഎയ്ക്ക്
4) ഇൻഫർമേഷൻ ആഫിസർ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

എസ്.എസ്.21/7